**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1150** **10-08-2023 - ൽ മറുപടിയ്ക്ക്**

**കരിവന്നൂർ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2016-17 സാമ്പത്തിക വർഷത്തെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 185 കോടി രൂപ വകയിരുത്തിയ കരിവന്നൂർ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (എ) | തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകളിലേക്കും ഉള്ള ശുദ്ധജല വിതരണ പദ്ധതിക്ക് 11.01.2017-ൽ 185.00 കോടി രൂപയുടെ ഭരണാനുമതിയും 31.01.2017-ൽ 185.00 കോടിയുടെ സാങ്കേതികാനുമതിയും നല്കിയിരുന്നു.<br><br>ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനായി ഏറ്റെടുക്കാനുദ്ദേശിച്ച ആറാട്ടുപുഴ വില്ലേജിലെ 5 ഏക്കറോളം സ്ഥലം അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പുതിയ സ്ഥലത്തിനായി വിശദമായ അന്വേഷണം നടത്തുകയും വല്ലച്ചിറ വില്ലേജിൽ പല്ലിശ്ശേരികുന്ന് ചെറുകുന്ന് ഭാഗത്തായി 4.76 ഏക്കർ സ്ഥലം ശുദ്ധീകരണശാല പണിയുന്നതിന് അനുയോജ്യമാണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് 06.08.2022-ൽ ഈ സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവാകുകയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പോക്കുവരവ് നടപടികൾ പൂർത്തീകരിച്ചിട്ടില്ല.<br><br>ജലശുദ്ധീകരണശാല നിർമ്മിക്കാനുദ്ദേശിച്ചിരുന്ന സ്ഥലം മാറ്റിയതിനെ തുടർന്ന് പുതുക്കിയ രൂപകല്പന തയ്യാറാക്കുകയും അതനുസരിച്ച് എസ്റ്റിമേറ്റ് 268 കോടി രൂപയായി വർധിക്കുകയും ചെയ്തു.<br><br>ടി പ്രവൃത്തിക്ക് 2018 SOR പ്രകാരമുള്ള നിരക്കിൽ 24.05.2022-ൽ 222.97 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നല്കിയിട്ടുണ്ട്. പുതുക്കിയ ഡി ഇ ആർ ഫണ്ടിംഗ് അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ സൂക്ഷ്മ പരിശോധന കിഫ്ബിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ